## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5505 02.11.2016 ൽ മറുപടിക്ക്.**

## അമരവിള ചെക്ക് പോസ്റ്റിലുള്ള വേ ബ്രിഡ്ജ്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം അമരവിള ചെക്ക് പോസ്റ്റിലുള്ള വേ ബ്രിഡ്ജ് നന്നാക്കാതെയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് ഉചിത നടപടി സ്വീകരിക്കുന്നില്ല; | എ) | അമരവിള, കുമിളി എന്നീ ചെക്ക് പോസ്റ്റുകളിൽ BOO അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ചിട്ടുള്ള സതേൺ വെയിംഗ് സിസ്റ്റം എന്ന കമ്പനി, കരാർ ലംഘനം നടത്തിയെന്നാരോപിച്ച് നൽകിയ അപേക്ഷയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ആർബിട്രേറ്റർ, ടി കമ്പനിക്ക് നഷ്ടപരിഹാര തുക അനുവദിച്ചതിനെതിരെ സർക്കാർ ജില്ലാ കോടതിയിൽ ആർബിട്രേഷൻ & റിക്കൺസിലേഷൻ ആക്ട് പ്രകാരം ഒപി (ആർബിട്രേഷൻ) സമർപ്പിച്ചിരിക്കുന്നതിനാലും അമരവിളയിലെ വെയ്ബ്രിഡ്ജ് ടി കമ്പനിയുടെ ഉടമസ്ഥതയിലുള്ളതിനാലും ആയത് ഔദ്യോഗിക തലത്തിൽ റിപ്പയർ ചെയ്ത് ഉപയോഗിക്കുക സാധ്യമല്ല.<br>2016-17 ലെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം ഡേറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്റർ (ഡി.സി & എഫ്.സി) എന്ന പേരിൽ വെയ്ബ്രിഡ്ജ് ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങളോട് കൂടി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള 7 ചെക്ക് പോസ്റ്റുകളിൽ അമരവിളയും ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതുവഴി ദിവസവും കടന്നുപോകുന്ന ആയിരക്കണക്കിന് ചരക്ക് വണ്ടികളുടെ തൂക്കം കണക്കാക്കാൻ കഴിയാത്തതുമൂലം നികുതിയിനത്തിൽ സർക്കാരിന് ലക്ഷങ്ങൾ നഷ്ടം സംഭവിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധനയിൽ ചില കേസുകളിൽ നികുതി നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. |

-2

| | | | |
|---|---|---|---|
| സി) | പ്രസ്തുത കാരണത്താൽ ഇവിടെയുള്ള ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | പരിശോധിക്കുന്നതാണ് |
| ഡി) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (6 വർഷം മുമ്പ്) ഉദ്യോഗസ്ഥരുടെ കോഴവാങ്ങൽ നിരീക്ഷിയ്ക്കുവാനായി 6 ക്യാമറകൾ ഇവിടെ സ്ഥാപിച്ചിരുന്നത് പ്രവർത്തനരഹിതമായി വർഷങ്ങളായിട്ടും മന:പൂർവ്വം നന്നാക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി & ഇ | അമരവിളയിൽ പൈലറ്റ് പ്രോജക്ട് ആയി സ്ഥാപിക്കപ്പെട്ട ക്യാമറകൾ പ്രവർത്തനരഹിതമായപ്പോൾത്തന്നെ, ആയത് സ്ഥാപിച്ച കെൽട്രോൺ മുഖേന റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും, അവരുടെ പരിശോധനയിൽ ആയത് റിപ്പയർ ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നതല്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട് |
| ഇ) | അടിയന്തരമായി ഇവിടെ ക്യാമറകൾ പ്രവർത്തിപ്പിച്ച് കൈക്കൂലി വാങ്ങുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | | 2016-17 ലെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം അമരവിള ചെക്ക്പോസ്റ്റ് ഉൾപ്പെടെ 7 ചെക്ക് പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഡേറ്റാ കളക്ഷൻ & ഫെസിലിറ്റേഷൻ സെന്റർ ആക്കി മാറ്റുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുമ്പോൾ, സെന്റർ പൂർണ്ണമായും സി.സി.ടി.വി ക്യാമറ നിരീക്ഷണത്തിലാവും |

സെക്ഷൻ ഓഫീസർ